ഉത്തരം

(എ) മൂന്നാറിൽ 30-ഉം, വാഗമണ്ണിൽ 4-ഉം കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇടുക്കി വില്ലേജിലെ റവന്യൂ ഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൂന്നാറിലെ മുപ്പതു കേസ്സുകളിലായി 93 ഏക്കറും വാഗമണ്ണിലെ 4 കേസ്സുകളിലായി 8 ഏക്കറും കയ്യേറിയിട്ടുണ്ട്.

(സി) വാഗമണ്ണിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു.

പുനലൂർ പേപ്പർമിൽ കോമ്പൗണ്ടിലെ കുടുംബങ്ങൾക്ക് പട്ടയം

119 [1342] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ മാനേജ്മെന്റിന് മില്ലിന്റെ ആവശ്യത്തിലേക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ നൽകിയിട്ടുള്ളത്; ഭൂമി നൽകിയ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പേപ്പർമിൽ കോമ്പൗണ്ടിൽ ഇപ്പോൾ എത്ര കുടുംബങ്ങൾ സ്ഥിരമായി താമസിക്കുന്നുണ്ട്; ഇവയിൽ ഏതെങ്കിലും കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ഇവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പേപ്പർ മില്ലിന് നൽകിയ ഭൂമിക്ക് ഇപ്പോൾ എന്തെങ്കിലും ബാദ്ധ്യത വരുത്തിയിട്ടുണ്ടോ;

(എഫ്) ഇവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ പേപ്പർ മില്ലിന് അയക്കെട്ട് പതിവിൽപ്പെട്ട പുനലൂർ വില്ലേജിലെ 2080-ാം നമ്പർ തണ്ടപ്പേർ പ്രകാരം 160 ഏക്കർ 48 ¼ സെന്റ് സ്ഥലവും വിളക്കുടി വില്ലേജിലെ 3984, 4636, 5196, 10070, 13613 എന്നീ തണ്ടപ്പേരുകളായി 60 ഏക്കർ 17 ½ സെന്റ് സ്ഥലവും ചേർത്ത് 220 ഏക്കർ 65 ¾ സെന്റ് സ്ഥലം ഉള്ളതാണ്.

(ബി) ഏകദേശം 305 കുടുംബങ്ങൾ താമസിച്ചുവരുന്നു. ആർക്കും പട്ടയം നൽകിയിട്ടില്ല.

(സി) പട്ടയത്തിനായി 215 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആയക്കെട്ട് പതിവിൽപ്പെട്ടതാകയാൽ ലാന്റ് ട്രിബ്യൂണൽ വഴി മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. പേപ്പർമിൽ വക തണ്ടപ്പേരിൽ കിടക്കുന്ന പതിവ് വസ്തു ആകയാലും ബോംബെ ഹൈക്കോടതിയുടെ റിസീവറുടെ ഭരണത്തിൻകീഴിൽ ഇരിക്കുന്നതാകയാലും അപേക്ഷകൾ നിരസിച്ചിട്ടുള്ളതാണ്.

(ഇ) പേപ്പർമില്ലിന് അടിസ്ഥാന ഭൂനികുതി, വിൽപ്പന നികുതി, ഗ്രാറ്റുവിറ്റി, കെട്ടിട നികുതി, ടെലിഫോൺ ചാർജ്, വിളക്കുടി പഞ്ചായത്തിനുണ്ടായ നഷ്ടം, ബനിഫിറ്റ് ഫണ്ട് തുടങ്ങിയ ഇനങ്ങളിലായി 41,09,81,569 രൂപ കുടിശ്ശിക ഉള്ളതാണ്.

(എഫ്) ഭൂമി ആയക്കെട്ട് പതിവിലുൾപ്പെട്ടതാകയാൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

ഇടുക്കി ജില്ലയിൽ കെ. ഡി. എച്ച്. വില്ലേജ് റീസർവ്വേ

120 [1345] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കണ്ണൻദേവൻ ഹിൽ വില്ലേജ് റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സർവെ ഉപകരണം ഉപയോഗിച്ചാണ് സർവെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കെ. ഡി. എച്ച്. വില്ലേജ് സർവെ ആരംഭിച്ചതെന്നാണ്; പ്രസ്തുത നിക്കാർഡ് റവന്യൂ ഭരണത്തിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ. ഡി. എച്ച്. വില്ലേജ് സർവെ നടത്തുന്നതിന്, നിലവിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കെ. ഡി. എച്ച്. വില്ലേജ് സർവെ നടത്തി അധികമായുള്ള ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) കെ. ഡി. എച്ച്. വില്ലേജിന്റെ റീസർവെയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർ ഏതെല്ലാം കാലയളവിൽ നാളിതുവരെയായി ജോലി ചെയ്തിരുന്നുവെന്നും, അവരുടെ കാലാവധിയും പദവി തിരിച്ചുള്ള ലിസ്റ്റും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ റിക്കാർഡുകൾ ഫൈനൽ ആയിട്ടില്ല.

(ബി) ആകെയുള്ള 29 ബ്ലോക്കുകളിൽ 20 ബ്ലോക്കുകൾ 'ടോട്ടൽ സ്റ്റേഷൻ' എന്ന ആധുനിക ഉപകരണം ഉപയോഗിച്ചാണ് സർവെ നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly